LIBRARY ARCHIVES Kerala Legislative Assembly

ആലത്തൂർ മണ്ഡലത്തിലെ അഗ്രോ സെന്ററുകൾ

52 (4440) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലത്തൂർ മണ്ഡലത്തിൽ എത്ര അഗ്രോ സർവ്വീസ് സെന്ററുകളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ?

ആലത്തൂർ മണ്ഡലത്തിൽ ഒരു അഗ്രോ സർവ്വീസ് സെന്ററാണ് നിലവിലുള്ളത്. ആയത് കുഴൽമന്ദം ബ്ലോക്കിൽ തേങ്കുറിശ്ശി പഞ്ചായത്തിലാണ്.

കുറ്റ്യാടി മണ്ഡലത്തിലെ ഹോർട്ടികോർപ്പ് സ്റ്റാളുകൾ

53 (4441) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചക്കറി വില നിയന്ത്രണത്തിൽ ഹോർട്ടികോർപ്പ് സ്റ്റാളുകളെന്ത് പങ്കാണ് വഹിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പൊതുവിപണിയിലെ സംഭരണവിലയെക്കാൾ 10 ശതമാനത്തിൽ അധികം നൽകിയാണ് ഹോർട്ടികോർപ്പ് കർഷകരിൽനിന്ന് പച്ചക്കറികൾ സംഭരിക്കുന്നത്. തെരഞ്ഞെടുക്കുന്ന പച്ചക്കറികൾ വിപണി വിൽപ്പനവിലയെക്കാൾ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റഴിക്കുകയും ചെയ്യുന്നു. തന്മൂലം കർഷകർക്ക് ഉൽപ്പന്നങ്ങൾക്ക് ന്യായമായവില ലഭിക്കുന്നതിനൊപ്പം പൊതുജനങ്ങൾക്ക് കുറഞ്ഞ വിലയ്ക്ക് ഉൽപ്പന്നങ്ങൾ വാങ്ങുവാനും സാധിക്കുന്നു.

(ബി) ഹോർട്ടികോർപ്പ് വഴി കുറ്റ്യാടി മണ്ഡലത്തിൽ എത്ര കർഷക സംഘങ്ങളുടെ പച്ചക്കറി ശേഖരിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

വേങ്ങേരി അഗ്രികൾച്ചറൽ ഹോൾസെയിൽ മാർക്കറ്റിൽ നടത്തുന്ന പൊതു ലേലം വഴിയാണ് ഹോർട്ടികോർപ്പ് കോഴിക്കോട് ജില്ലയിലെ പച്ചക്കറികൾ ശേഖരിക്കുന്നത്. നിലവിൽ കുറ്റ്യാടി മണ്ഡലത്തിലെ കർഷക സംഘങ്ങളൊന്നും ഈ ലേലത്തിൽ പങ്കെടുക്കുന്നില്ല.

(സി) കുറ്റ്യാടി മണ്ഡലത്തിൽ എത്ര ഹോർട്ടികോർപ്പ് മൊബൈൽ സ്റ്റാളുകളും സ്ഥിരമായ സ്റ്റാളുകളും ഉണ്ടെന്ന് വിശദവിവരങ്ങൾ സഹിതം വ്യക്തമാക്കാമോ?

കുറ്റ്യാടി നിയമസഭാ മണ്ഡലം പരിധിയിൽ ഹോർട്ടികോർപ്പ് വടകര ഉപകേന്ദ്രത്തിനുകീഴിൽ മൊകേരി, തണ്ണീർപ്പന്തൽ, വില്ല്യാപ്പള്ളി, തോടന്നൂർ എന്നീ സ്വന്തം സ്റ്റാളുകളും തിരുവള്ളൂർ, മയ്യന്നൂർ, കുറുന്തോടി, ബാങ്ക്റോഡ് എന്നീ ഫ്രാഞ്ചൈസി സ്റ്റാളുകളും പ്രവർത്തിക്കുന്നു.